# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 5912 — 08.07. 2013 -ൽ മറുപടിയ്ക്ക്

## മുനിസിപ്പാലിറ്റികളുടെ മാസ്റ്റർ പ്ലാൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റ്റി. എൻ. പ്രതാപൻ**<br>**ശ്രീ. കെ. അച്ചുതൻ**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ** | | **ശ്രീ. മഞ്ഞളാംകുഴി അലി**<br>**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി** | |
| (എ) | സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ 'മാസ്റ്റർ പ്ലാനുകളും വിശദനഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുന്നതിനുള്ള സ്കീം' ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. മുൻകാലങ്ങളിൽ സർക്കാർ അംഗീകരിച്ച പ്ലാനുകൾ ഉള്ള മുനിസിപ്പാലിറ്റികളിൽ അവ കാലാനുസൃതമായി പുതുക്കി തയ്യാറാക്കുന്നതും നിലവിൽ മാസ്റ്റർ പ്ലാനുകൾ ഇല്ലാത്ത മുനിസിപ്പാലിറ്റികൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ദീർഘകാല പരിപ്രേക്ഷ്യത്തോടെ ശാസ്ത്രീയമായി തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകൾ മുഖേന സംസ്ഥാനത്തെ നഗരപ്രദേശങ്ങളുടെ ആസൂത്രിതമായ സമഗ്രവികസനം സാധ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.<br><br>15-20 വർഷ പരിപ്രേക്ഷ്യത്തോടെയാണ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത്. വിശദമായ പഠനവിശകലനങ്ങളിലൂടെ പ്രദേശത്തിന്റെ വികസന പ്രശ്നങ്ങളും വികസന സാധ്യതകളും വിലയിരുത്തിയും ഭാവിവികസനാവശ്യങ്ങൾ കണ്ടെത്തിയുമാണ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | എത്ര മുനിസിപ്പാലിറ്റികളാണ് പ്രസ്തുത പദ്ധതിയനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) | സംസ്ഥാനത്തെ 65 മുനിസിപ്പാലിറ്റികളേയും 5 മുനിസിപ്പൽ കോർപ്പറേഷനുകളും, 60 മുനിസിപ്പൽ കൗൺസിലുകളും, രണ്ടു ഘട്ടങ്ങളിലായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>സമയബന്ധിതമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. (ജി. ഒ. (ആർ. ടി) നമ്പർ 2766/2009/എൽ.എസ്.ജി.ഡി തീയതി 24-10-2009, (ജി. ഒ. (ആർ. ടി) നമ്പർ 2767/2009/എൽ.എസ്.ജി.ഡി തീയതി 24-10-2009 എന്നിവ) മാർഗ്ഗരേഖ പ്രകാരം അതത് നഗരസഭകളും നഗരഗ്രാമാസൂത്രണ വകുപ്പും സംയോജിതമായാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത്.<br><br>മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി ക്രമമായി സർക്കാർ തലത്തിലും വകുപ്പുതലത്തിലും വിലയിരുത്തുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് ഈ ആവശ്യത്തിനായി മന്ത്രിതലത്തിലുൾപ്പെടെ നാല് അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ മാസംതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ ചീഫ് ടൗൺ പ്ലാനർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രക്രിയ വിശദമാക്കുന്നതിന് വിവിധ പരിശീലന പരിപാടികൾ, വർക്ക് ഷോപ്പുകൾ എന്നിവ നഗരഗ്രാമസൂത്രണ വകുപ്പ് നടത്തുന്നുണ്ട്. കൂടാതെ മാസ്റ്റർ പ്ലാൻ സമയബന്ധിതമായി തയ്യാറാക്കുന്നതിന് സഹായകമാം വിധം ടൂൾ കിറ്റുകൾ, ലഘുലേഖകൾ, പഠനസഹായികൾ എന്നിവയും (7 ടൂൾ കിറ്റുകൾ, 5 ഗൈഡ്‌ലൈനുകൾ, മാപ്പിന്റെ മാതൃകകൾ) നഗരഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ